(എച്ച്) കോടതി വ്യവഹാരങ്ങളിൽ ഗതാഗത വകുപ്പിനുവേണ്ടി ഹാജരാകുന്ന അഡ്വക്കേറ്റുമാരുടെ കാര്യക്ഷമതയില്ലായ്മ മൂലമാണ് ഇത്രയും ബസ്സുകൾ കോടതികളിൽ കിടക്കാൻ കാരണമായതെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആക്സിഡന്റ് ക്ലെയിമിനുവേണ്ടി വിവിധ കോടതികളിലായി വിധിയായിക്കിടക്കുന്ന 10479 കേസ്സുകളിലായി 15,71,85,000 രൂപ നഷ്ട പരിഹാരമായി കൊടുത്തു തീർക്കാനുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) ജപ്തി ചെയ്തിട്ടുള്ള വാഹനങ്ങൾ റിലീസുചെയ്യാൻ ഏകദേശം ഒന്നേമുക്കാൽ കോടി രൂപ അടയ്ക്കേണ്ടി വരും. വിശദമായ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ജപ്തി ചെയ്യപ്പെടുന്ന ബസ്സുകൾ റിലീസ് ചെയ്യിക്കാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കയാണ്. ചില കേസ്സുകളിൽ തർക്കവും അപ്പീലുമുള്ളതിനാൽ, കോടതിയുടെ അന്തിമ തീർപ്പിനനുസരണമായി അവ റിലീസു ചെയ്തു വാങ്ങുന്നതാണ്.

(ഇ) ജപ്തി ചെയ്യപ്പെട്ടുകിടക്കുന്ന ഒരു ബസ്സിനും ഇൻഷ്വറൻസ് പരിരക്ഷ നിലവിലില്ല.

(എഫ്) ഇപ്പോഴുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ രണ്ടു വോൾവോ ബസ്സുകൾക്ക് മാത്രമേ ഇൻഷ്വറൻസ് പരിരക്ഷയുള്ളൂ.

(ജി) എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളെയും ഇൻഷ്വറൻസ് പരിധിക്കുള്ളിൽ കൊണ്ടുവരാൻ സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റുമായി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(എച്ച്) കോർപ്പറേഷൻ അഡ്വക്കേറ്റുമാരുടെ അനാസ്ഥമൂലമല്ല ഇത്രയും ബസ്സുകൾ കോടതിയിൽ കിടക്കാനിടയായത്.

സ്റ്റേ സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി

78 (4238) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലേറുമ്പോൾ കെ.എസ്.ആർ.ടി.സി. ക്ക് എത്ര സർവ്വീസുകളാണ് നിലവിലുണ്ടായിരുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ആർ.ടി.സി. യുടെ എത്ര സ്റ്റേ സർവ്വീസുകളാണ് കഴിഞ്ഞ 6 മാസത്തിനുള്ളിൽ നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ ;

(സി) രാത്രികാലങ്ങളിലും അതിരാവിലെയുമുള്ള യാത്രയ്ക്ക് സാധാരണക്കാർ പൂർണ്ണമായും ആശ്രയിച്ചിരുന്ന സ്റ്റേ ബസ്സുകൾ നിർത്തലാക്കിയതു കൊണ്ട് ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 3417 ഷെഡ്യൂളുകളാണ് നിലവിലുണ്ടായിരുന്നത്.

(ബി) തുടർച്ചയായി നഷ്ടത്തിൽ ഓടിച്ചിരുന്ന 87 സ്റ്റേ ട്രിപ്പുകൾ നിർത്തലാക്കി.

(സി) അതിരാവിലെയും രാത്രിയിലും ജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് ട്രിപ്പുകളിൽ സമയവ്യത്യാസം വരുത്തി യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരണായ രീതിയിൽ സർവ്വീസ് നടത്തി വരുന്നു.

ട്രാൻസ്പോർട്ട് ബസ്സുകളുടെ ടിക്കറ്റുകൾ

79 (4239) ശ്രീ. എ. സുജനപാൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രിമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ബസ്സുകളുടെ ടിക്കറ്റുകൾ ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളായി ഏതു പ്രസ്സിലാണ് അച്ചടിച്ചിരുന്നത് ;

(ബി) ഒരുവർഷം കോർപ്പറേഷന് എത്ര ടിക്കറ്റാണ് വേണ്ടിവരുന്നത് ;

(സി) ഇത്രയും ടിക്കറ്റ് അച്ചടിക്കുന്നതിന് പ്രതിവർഷം എന്തുതുക ചെലവു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. ശ്രീലക്ഷ്മി വിലാസം പ്രസ്സ്, സാത്തൂർ - 626203, തമിഴ്നാട്.

2. ദേവി എന്റർപ്രൈസസ്, കൊല്ലം എന്നീ പ്രസ്സുകളിലാണ് അച്ചടിച്ചിരുന്നത്.

(ബി) ശരാശരി 10,500 ലക്ഷം ടിക്കറ്റുകൾ.

(സി) 65,62,500 രൂപ.

LIBRARY ARCHIVES Kerala Legislative Assembly